(ബി) ഈ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ ഏകദേശം ഒരു വർഷത്തിനുള്ളിൽ സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്.

68 (1916) സബ്സ്റ്റേഷൻ ആരംഭിക്കാൻ നടപടി

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ ആളൂർ പഞ്ചായത്തിലെ കല്ലേറ്റുങ്കരയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സബ്സ്റ്റേഷന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പൊതുമേഖലാ വ്യവസായമായ കല്ലേറ്റുങ്കരയിലെ കാലിത്തീറ്റ ഫാക്ടറിയുടെ സ്ഥലത്ത് സബ്സ്റ്റേഷനുള്ള സ്ഥലം നൽകാമെന്ന് സമ്മതിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സബ്സ്റ്റേഷൻ പണി പൂർത്തീകരിച്ച് ഈ പരിസരത്തേയും, കാലിത്തീറ്റ ഫാക്ടറിയുടേയും വൈദ്യുതിപ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർ.ഇ.സിയുടെ സഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നെഗോഷ്യേറ്റഡ് പർച്ചേസിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇക്കാര്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം സബ്സ്റ്റേഷൻ പണിയുന്നതിന് അനുയോജ്യമാണെങ്കിലും പണി പൂർത്തിയാക്കാനുള്ള ചിലവ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് പണിയുന്നതിനേക്കാൾ വർദ്ധിക്കും.

(സി) സബ്സ്റ്റേഷൻ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് പണിയുകയാണെങ്കിൽ കാലിത്തീറ്റ ഫാക്ടറിക്കുവേണ്ടി മാത്രമായി ഒരു 11 കെ.വി. ലൈൻ വലിച്ച് ഫാക്ടറിയുടെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ സാധിക്കും.

69 (1917) പാമ്പാടി സബ് സ്റ്റേഷന്റെ പ്രവർത്തനശേഷി വർധിപ്പിക്കുവാൻ നടപടി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി സബ്സ്റ്റേഷന്റെ പ്രവർത്തനശേഷി വർധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കോട്ടയത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന് ഏറ്റവും ആവശ്യമായ ഈ സബ്സ്റ്റേഷന്റെ പ്രവർത്തനശേഷി

LIBRARY ARCHIVES Kerala Legislative Assembly

വർധിപ്പിക്കുന്ന നടപടി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാമ്പാടി സബ്സ്റ്റേഷന്റെ പ്രവർത്തനശേഷി വർധിപ്പിക്കുവാനുള്ള എസ്റ്റിമേറ്റ് ബോർഡിന്റെ പരിഗണനയിലാണ്.

(ബി) പാമ്പാടി സബ്സ്റ്റേഷന്റെ ട്രാൻസ്ഫോർമർ കപ്പാസിറ്റി നിലവിലുള്ള 8 എം.വി.എയിൽ നിന്ന് 20 എം.വി.എ. ആക്കി ഉയർത്താനുള്ള 157 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് പരിഗണനയിലുള്ളത്.

(സി) സമയബന്ധിതമായി പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

70 (1918) മല്ലപ്പള്ളി 110 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണജോലികൾ എന്നാണ് ടെൻഡർ ചെയ്യുന്നതെന്നും, ഇതിന്റെ ലൈൻ വലിക്കുന്ന ജോലി ആരാണ് ഏറ്റെടുത്തതെന്നും അറിയിക്കാമോ;

(ബി) പണി ഏറ്റെടുത്തവർ എഗ്രിമെന്റ് വച്ചതെന്നാണെന്നും, ഇതനുസരിച്ച് എന്നത്തേക്ക് പണികൾ പൂർത്തിയാക്കണമെന്നും വ്യക്തമാക്കാമോ;

(സി) മുൻഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി മന്ത്രി ശിലാസ്ഥാപനം നിർവഹിക്കുന്നതായി കാണിച്ച് കെ.എസ്.ഇ.ബി ക്ഷണകത്ത് പ്രിന്റ് ചെയ്ത് ചടങ്ങുകൾ സംഘടിപ്പിച്ചിരുന്നോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) മല്ലപ്പള്ളി 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ ജോലികൾ 1998 മാർച്ച് മാസം 2-ാം തീയതി ടെൻഡർ ചെയ്തു. 110 കെ.വി. സബ്സ്റ്റേഷനിലേക്ക് ലൈൻ വലിക്കുന്ന ജോലി ശ്രീ. അജയകുമാറും, ശ്രീ. ചാണ്ടിതോമസ് പതിയാമലയുമാണ് ഏറ്റെടുത്തിരിക്കുന്നത്.

(ബി) സബ്സ്റ്റേഷന്റെ നിർമ്മാണ ജോലികൾ ഏറ്റെടുത്തിരിക്കുന്ന മെസ്സേഴ്സ്/ബി.എസ്.ഇ.എസ്., ചെന്നൈ 28.8.1998 - ൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ലൈൻ വലിക്കുന്ന ജോലി ഏറ്റെടുത്തിട്ടുള്ള ശ്രീ. അജയകുമാർ 24.6.96 -ലും ശ്രീ. ചാണ്ടിതോമസ് 24.10.96 -ലും എഗ്രിമെന്റ് വെച്ചിട്ടുണ്ട്. എഗ്രിമെന്റനുസരിച്ച് ശ്രീ. അജയകുമാർ 24.12.96 ന് മുമ്പും ശ്രീ. ചാണ്ടിതോമസ് 24.4.97-ന് മുമ്പുമാണ് ജോലി പൂർത്തിയാക്കേണ്ടിയിരുന്നത്.

(സി)&(ഡി) സംഘടിപ്പിച്ചിരുന്നു. 1991 ഒക്ടോബർ 4-ാം തീയതി അന്നത്തെ വിദ്യുച്ഛക്തി മന്ത്രിയാണ് ശിലാസ്ഥാപനം നിർവഹിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly